117 (283) കരകുളം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കരകുളം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം എത്ര;

(ബി) ഈ ബാങ്കിൽ അവസാനം ആഡിറ്റ് നടന്നത് എന്നാണ്; ആഡിറ്റിൻപ്രകാരം അറ്റാദായം എത്രയാണ്; ലാഭം വിഭജിക്കാനുള്ള അധികാരം ബോർഡിനാണോ പൊതുയോഗത്തിനാണോ;

(സി) ഈ ബാങ്കിൽ നിന്നും മറ്റൊരു സംഘത്തിന് 2 ലക്ഷം രൂപ ഷെയർ കാപ്പിറ്റൽ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് തീരുമാനിച്ചത്; ഏത് സ്ഥാപനത്തിനാണ് നൽകാൻ തീരുമാനിച്ചത്; ആ സ്ഥാപനത്തിന്റെ ഡയറക്ടർ ബോർഡ് അംഗങ്ങൾ ആരെല്ലാമാണ്; ഷെയർ കാപ്പിറ്റൽ നൽകുന്നതിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ ബോർഡംഗങ്ങൾ ആരെല്ലാം; ഷെയർ കാപ്പിറ്റൽ എന്ന് നൽകി;

(ഡി) ഒരു പ്രൈമറി സംഘം മറ്റൊരു പ്രൈമറി സംഘത്തിന് ഷെയർ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കൊടുക്കാനുള്ള നിയമപരമായ വ്യവസ്ഥകൾ ഈ സംഘം പാലിച്ചിട്ടുണ്ടോ; എന്തൊക്കെയാണ് വ്യവസ്ഥകൾ; വ്യവസ്ഥകൾ പാലിച്ചിട്ടില്ലെങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തുമോ എന്നറിയിക്കുമോ?

ഉത്തരം

(എ) പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 64,04,674/- രൂപ.

(ബി) 1995-96-ൽ, 1995-96-ലെ അറ്റാദായം 4,06,047 രൂപ 38 പൈസ; ലാഭവിഭജനം സഹകരണ നിയമവും സംഘം ബൈലായും പ്രകാരം ഭരണസമിതി ശുപാർശയിന്മേൽ പൊതുയോഗമാണ് തീരുമാനമെടുക്കേണ്ടത്.

(സി) ഈ ബാങ്ക് കേരള സ്റ്റേറ്റ് എഞ്ചിനീയറിംഗ് ആന്റ് ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് സഹകരണസംഘം ക്ളിപ്തം 4410 എന്ന സ്ഥാപനത്തിന്റെ 2 ലക്ഷം രൂപയുടെ ഷെയർ എടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആ സ്ഥാപനത്തിലെ ഡയറക്ടർ ബോർഡ് അംഗങ്ങൾ താഴെ പറയുന്നവരാണ്.

1. ശ്രീ. വി. ജയപ്രകാശ്, ചെയർമാൻ.
2. ശ്രീ. ആർ. ഗോപകുമാർ, മാനേജിംഗ് ഡയറക്ടർ
3. ശ്രീ. ഇ.ജി. മോഹനൻ
4. ശ്രീ. എസ്.ആർ. ശക്തിധരൻ
5. ശ്രീ. കെ. മുരുകേശൻ ആശാരി
6. ശ്രീ. പി. വാമദേവൻ നായർ
7. ശ്രീ. എം. സയനുലാബ്ദീൻ
8. ശ്രീ. എൻ. രതീന്ദ്രൻ
9. ശ്രീ. ചെറ്റച്ചൽ സഹദേവൻ
10. ശ്രീ. ബി.വി. മുരളി
11. ശ്രീ. ടി. രാധാകൃഷ്ണൻ നായർ

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റി അംഗങ്ങളാരും വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല. ഷെയർ തുക 4.11.99-ൽ അടച്ചു.

(ഡി) നിയമപരമായ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ട്. കരകുളം സർവീസ് സഹകരണ ബാങ്കിന്റെ ബൈലായിലെ ക്ളാസ് 17 അനുസരിച്ച് ബി ക്ളാസ് ഓഹരികൾ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകുന്നതിന് വ്യവസ്ഥയുള്ളതാകുന്നു. കൂടാതെ 4410-ാം നമ്പർ കേരള സ്റ്റേറ്റ് എഞ്ചിനീയറിംഗ് ആന്റ് ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് സഹകരണസംഘത്തിന്റെ ഷെയർ കാപ്പിറ്റലിൽ പങ്കാളിയാകുന്നതിന് മറ്റ് സഹകരണ സംഘങ്ങളെ അനുവദിച്ചുകൊണ്ട് സഹകരണസംഘം രജിസ്ട്രാർ 12/96-ാം നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ട്.

118 (284) നീതിസ്റ്റോറുകളിലെ സെയിൽസ്മാൻമാരുടെ വേതനം

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതിസ്റ്റോറുകളിലെ സെയിൽസ്മാൻമാരായി ജോലി നോക്കുന്നവർക്ക് വേതനം നൽകുന്നത് എന്ത് അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) കമ്മീഷൻ വ്യവസ്ഥയിലാണെങ്കിൽ ഇപ്പോൾ കമ്മീഷൻ നൽകിവരുന്നതിന്റെ മാനദണ്ഡമെന്തെന്ന് വിശദീകരിക്കുമോ;

(സി) കമ്മീഷൻ തുക വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം ഗവണ്മെന്റിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നീതിസ്റ്റോർ തുടങ്ങിയ സംഘങ്ങളിൽ കൂടുതൽ ജീവനക്കാരുണ്ടെങ്കിൽ അവരുടെ സേവനം സ്റ്റോറിനായി ഉപയോഗപ്പെടുത്തുവാനും പുതുതായി സെയിൽസ്മാൻമാരെ നിയമിക്കേണ്ടി വരികയാണെങ്കിൽ അവരെ വില്പനയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ വ്യവസ്ഥയിൽ നിയമിക്കാനും ആണ് അനുവദിച്ചിട്ടുള്ളത്.

(ബി) തുടക്കത്തിൽ 1% കമ്മീഷൻ വ്യവസ്ഥയിലായിരുന്നു പുതുതായി സെയിൽസ്മാൻമാരെ നിയോഗിച്ചിരുന്നത്. ഇപ്പോൾ ഫെഡറേഷൻ സംഘങ്ങൾക്കു നൽകുന്ന 4% കമ്മീഷനിൽ ആവശ്യമെന്നു കണ്ടാൽ സെയിൽസ്മാൻമാർക്ക് 1%-ൽ നിന്നും വർദ്ധിപ്പിച്ച് കമ്മീഷൻ നൽകുന്നതിന് അതാതു സംഘം ഭരണസമിതിക്ക് അധികാരമുണ്ട്.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

119 (285) കോഴിക്കോട് ജില്ലയിലെ നീതിസ്റ്റോറുകൾ

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എത്ര നീതിസ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly